## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3005 28.01.2014- ൽ മറുപടിക്ക്

### കടലാക്രമണം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. എം. ഷാജി<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. പി. ബി. അബ്ദുൾ റസാക്<br>ശ്രീ. കെ. എൻ. എ. ഖാദർ | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | കടലാക്രമണം മൂലമുണ്ടാകുന്ന നാശ നഷ്ടങ്ങൾ പ്രകൃതിക്ഷോഭത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്ന കാര്യത്തിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ; | (എ) | കടലാക്രമണം പ്രകൃതി ദുരന്തമായി കണക്കാക്കി നഷ്ടപരിഹാരം നൽകുന്നതിനും ആയതിലേക്ക് ഫണ്ട് നീക്കിയിരുപ്പ് നടത്തുന്നതിനും നൽകിയ ശിപാർശ 14-ാം ധനകാര്യ കമ്മീഷന്റെ പരിഗണനയിലാണ്. |
| (ബി) | നാശനഷ്ടങ്ങൾക്ക് ആശ്വാസം നല്കുന്നതിന് അർഹമായ പ്രകൃതി ക്ഷോഭങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ; | (ബി) | ചുഴലിക്കാറ്റ്, വരൾച്ച, ഭൂമികുലുക്കം, തീപിടുത്തം, വെള്ളപ്പൊക്കം, സുനാമി, ആലിപ്പഴ വർഷം, ഉരുൾപൊട്ടൽ, ശൈത്യതരംഗം, ഹിമാഘാതം, ഹിമപാതം, കൃഷിയിടങ്ങളിൽ വ്യാപകമായ കീടബാധ, മേഘ വിസ്ഫോടനം |
| (സി) | സുനാമിത്തിരമാലകൾകൊണ്ടുള്ള നാശനഷ്ടങ്ങളെ പ്രകൃതിക്ഷോഭം മൂലമുള്ള നാശനഷ്ടമായി കണക്കാക്കാറുണ്ടോ; എങ്കിൽ കടലാക്രമണത്തെ പ്രസ്തുത രീതിയിൽ കണ്ട് നഷ്ടപരിഹാരം നല്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ? | (സി) | കേന്ദ്ര സർക്കാരിന്റെ മാനദണ്ഡ മനുസരിച്ച് സുനാമി തിരമാലകൾ കൊണ്ടുള്ള നാശനഷ്ടങ്ങളെ പ്രകൃതി ക്ഷോഭം മൂലമുള്ള നാശനഷ്ടമായി കണക്കാക്കിയിട്ടുണ്ട്. എന്നാൽ കടലാക്രമണത്തെ പ്രസ്തുത രീതിയിൽ കണക്കാക്കുവാൻ നിലവിലുള്ള മാനദണ്ഡം അനുവദിക്കുന്നില്ല. സർക്കാർ ഇതു സംബന്ധിച്ച് 14-ാം ധനകാര്യകമ്മീഷന്റെ പരിഗണനയ്ക്ക് കുറിപ്പ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ